പൂർത്തിയാക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. ആകെ 200.35 മെഗാവാട്ടിന്റെ വർദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത്. കൂടാതെ പുനരുദ്ധാരണ നവീകരണ പദ്ധതികൾവഴി 9 മെഗാവാട്ടിന്റെ വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. ഇക്കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് 5 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ബാരപ്പോൾ പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പുനരുദ്ധാരണ നവീകരണത്തിനു ശേഷം 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള താമസം, പൊതുജനങ്ങളുടെ എതിർപ്പ്, പദ്ധതി നടപ്പിലാക്കുമ്പോൾ നേരിടുന്ന വിവിധ സാങ്കേതിക ബുദ്ധിമുട്ടുകൾ, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് ഊർജ്ജ ഉല്പാദനമേഖലയിൽ പ്രതീക്ഷിച്ച ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

61(2262) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എത്ര മെഗാവാട്ടിന്റേതാണെന്നും,ടേൺകീ അടിസ്ഥാനത്തിൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ട് വീണ്ടും ദർഘാസ് വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്ലോബൽ ഇ-ടെൻഡർ വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-ഡി) കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥാപിതശേഷി 163 MW ആണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ അന്തിമവിധിക്കു വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly